**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 157** **06-07-2022 - ൽ മറുപടിയ്ക്ക്**

**മദ്യവിരുദ്ധ പ്രചാരണം ശക്തിപ്പെടുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. എം. എം. മണി,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ എം മുകേഷ് | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ കുടുംബാരോഗ്യ സർവ്വേ പ്രകാരം കേരളത്തിലെ മദ്യപരുടെ എണ്ണം 2015-16 വർഷം മുപ്പത്തിയേഴ് ശതമാനമായിരുന്നത് 2020-21 ൽ ഇരുപത്തിയാറ് ശതമാനമായി കുറഞ്ഞെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; | (എ) | 2015-16 വർഷം നടത്തിയ ദേശീയ കുടുംബാരോഗ്യ സർവേ പ്രകാരം കേരളത്തിലെ 15നും 49നും ഇടയ്ക്ക് പ്രായമുള്ള 1.6% സ്ത്രീകളും, 37% പുരുഷന്മാരും മദ്യം ഉപയോഗിക്കുന്നതായി കണ്ടെത്തിയിരുന്നു. 2019-21 വർഷത്തെ ദേശീയ കുടുംബാരോഗ്യ സർവേ പ്രകാരം കേരളത്തിലെ 15നും 49നും ഇടയ്ക്ക് പ്രായമുള്ള 26% പുരുഷന്മാരും 0.3% സ്ത്രീകളും മദ്യം കഴിക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | ബിവറേജസ് കോർപ്പറേഷൻ വഴിയുള്ള ഇന്ത്യൻ നിർമ്മിത വിദേശ മദ്യ വില്പനയിൽ 2011-16 വരെയുള്ള കാലയളവുമായി താരതമ്യം ചെയ്യുമ്പോൾ 2016-21 കാലയളവിൽ 112.51 ലക്ഷം കെയ്സുകളുടെ കുറവുണ്ടായെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇന്ത്യൻ നിർമ്മിത വിദേശ മദ്യ വില്പനയിൽ 2011-16 വരെയുള്ള കാലയളവുമായി താരതമ്യം ചെയ്യുമ്പോൾ 2016-21 കാലയളവിൽ 112.51ലക്ഷം കെയ്സുകളുടെ കുറവ് വന്നിട്ടുണ്ട്. |
| (സി) | മദ്യവിരുദ്ധ പ്രചാരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും വീര്യം കൂടിയ മദ്യത്തിന് പകരം കാർഷികോല്പന്നങ്ങളിൽ നിന്നുള്ള വീര്യം കുറഞ്ഞ മദ്യം ലഭ്യമാക്കുന്നതിനും പരിപാടിയുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | കേരളീയ സമൂഹത്തിൽ മദ്യവർജ്ജനത്തിന് ഊന്നൽ നൽകി മയക്കുമരുന്നിന്റെയും പുകയില ഉൽപ്പന്നങ്ങളുടെയും ദൂഷ്യവശങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിച്ച് ലഹരിമുക്ത കേരളം സാക്ഷാത്കരിക്കുന്നതിനായി രൂപീകരിച്ച വിമുക്തി മിഷൻ മുഖേന വിവിധ വകുപ്പുകളെയും സംഘടനകളെയും ഏകോപിപ്പിച്ച് ഫലപ്രദമായ രീതിയിൽ ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.<br><br>സംസ്ഥാനത്തെ കാർഷിക മേഖലയ്ക്ക് ഉണർവ്വ് നൽകുന്നതിനും കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് കൃത്യമായ വിപണിയും ന്യായ വിലയും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ധാന്യങ്ങൾ ഒഴികെയുള്ള പഴവർഗ്ഗങ്ങളിൽ നിന്നും വീര്യം കുറഞ്ഞ മദ്യം, വൈൻ എന്നിവ |

| | | | |
|---|---|---|---|
| | | | ഉല്പാദിപ്പിക്കുന്നതിന് ചെറുകിട യൂണിറ്റുകൾക്ക് അനുമതി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ